TB Movie Panel Weekly Review

**#moviepanel**

ഹൃദയം

സ്ക്രീനിൽ നിന്ന് ഹൃദയത്തിലേക്ക് ഒഴുകുന്ന മനോഹര സിനിമ

നിറഞ്ഞ കയ്യടികളോടെ തിയേറ്ററിൽ ഒരു സിനിമ ആസ്വദിക്കാൻ കഴിയുക എന്നത് ഒരു സാധാരണ പ്രേക്ഷകൻ എന്ന രീതിയിൽ ഞാൻ എപ്പോഴും ആഗ്രഹിക്കാറുള്ള ഒന്നാണ്. അത്തരത്തിൽ ഒരു സിനിമ കൂടി സമ്മാനിച്ച വിനീത് ശ്രീനിവാസൻ & ഫ്രണ്ട്സ് നു ആദ്യമായി നന്ദി.

അരുൺ നീലകണ്ഠൻ എന്ന കഥാപാത്രത്തിന്റെ 17-30 വയസ്സ് വരെയുള്ള ജീവിതമാണ് ഈ സിനിമയുടെ പശ്ചാത്തലം.അതിൽ പ്രണയവും അടിച്ചു പൊളിക്കലും വിരഹങ്ങളും സങ്കടങ്ങളും അലമ്പും എല്ലാം ഉണ്ട്. ഏതൊരു എഞ്ചിനീയറിംഗ് വിദ്യാർത്ഥിക്കും റിലേറ്റ് ചെയ്യാൻ പറ്റുന്ന കഥയിൽ പുതുമ തേടി സമയം കളയേണ്ട കാര്യമൊന്നുമില്ല. കണ്ടിരിക്കുന്ന ഓരോ നിമിഷവും അതിൽ ലയിച്ചിരിക്കാൻ വേണ്ടതെല്ലാം ഈ സിനിമയിലുണ്ട്.

ഐഡിയ സ്റ്റാർ സിംഗറിലൂടെ മലയാളികൾക്ക് സുപരിചതനായ ഹിഷാം അബ്ദുൽ വഹാബ് ഒരുക്കിയ അതിമനോഹര ഗാനങ്ങൾ ആണ് ഈ സിനിമയുടെ ജീവൻ. മൂന്നു മണിക്കൂറോളം ദൈർഘ്യമുള്ള സിനിമയിൽ ഒരു പാട്ടു പോലും നമുക്ക് അധികമായിരുന്നു എന്ന തോന്നൽ ഉണ്ടാവില്ല അത്രത്തോളം സിനിമയോട് സിങ്ക് ചെയ്യപ്പെട്ടവയായിരുന്നു അവ.

പ്രണവ് മോഹൻലാൽ എന്ന നടന്റെ ഇന്നോളമുള്ളവയിൽ ഏറ്റവും മികച്ച കഥാപാത്രമാണ് അരുൺ. സിനിമയിൽ എവിടെയും അരുൺ എന്ന കഥാപാത്രത്തെ മാത്രമേ നമുക്ക് കാണാൻ കഴിയൂ. ദർശനയായി എത്തിയ ദർശന രാജേന്ദ്രൻ, നിത്യയായി എത്തിയ കല്യാണി പ്രിയദർശൻ തുടങ്ങി ഒരു സീനിൽ എത്തുന്ന പുതുമുഖങ്ങൾ പോലും അവരുടെ കഥപാത്രങ്ങൾ മികവുറ്റതാക്കി മാറ്റി.

തമിഴ് കഥാപാത്രങ്ങൾക്കും നോർത്ത് ഇന്ത്യൻ കഥാപത്രങ്ങൾക്കും അവരുടേതായ പ്രധാന്യവും ഐഡന്റിറ്റിയും കഥയിൽ നൽകാൻ സംവിധായകന് കഴിഞ്ഞിട്ടുണ്ട്.സിനിമയിൽ ഉടനീളം അത് പ്രകടമാണ്.

മൊത്തത്തിൽ പറഞ്ഞാൽ ഇതൊരു വിനീത് സിനിമയാണ്. ആദ്യാവസാനം ആസ്വദിച്ചു കണ്ട് ഹാപ്പി ആയി ഇറങ്ങി വരാവുന്ന ഒരു feel good സിനിമ..